**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 964** **31-01-2024 - ൽ മറുപടിയ്ക്ക്**

**ബഫർസോൺ പരിധിയിൽ നിന്നും ജനവാസമേഖലകളുടെ ഒഴിവാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിലെ അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളിലെ ജനവാസമേഖലകളെ ബഫർസോൺ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനായി സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നെയ്യാർ വന്യജീവിസങ്കേതം പാറശ്ശാല മണ്ഡലത്തിലെ അമ്പൂരി, കള്ളിക്കാട് എന്നീ ഗ്രാമപഞ്ചായത്തുകളുടെ വനമേഖലയിൽ ഉൾപ്പെട്ടു വരുന്നു. തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനിലെ നെയ്യാർ, പേപ്പാറ എന്നീ വന്യജീവിസങ്കേതങ്ങൾക്ക് പൊതുവായി ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരിക്കുന്നതിന്റെ ഭാഗമായി 70.906 sq.km മേഖലയുടെ കരട് വിജ്ഞാപനം കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാനവകുപ്പ് 25.03.2022-ൽ പുറപ്പെടുവിച്ചു. ടി വിജ്ഞാപനത്തിൽ അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളിലെ ജനവാസമേഖലകൾ കൂടി ഉൾപ്പെട്ടിരുന്നു.<br><br>എന്നാൽ അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളിൽ വരുന്നതും നെയ്യാർ വന്യജീവിസങ്കേതത്തിന്റെ അതിർത്തിക്ക് പുറത്തുവരുന്നതുമായ ജനവാസമേഖലകളെ ഇക്കോ സെൻസിറ്റീവ് സോൺ പരിധിയിൽ നിന്നും ഒഴിവാക്കി 52.036 sq.km ഏരിയ വരുന്ന പുതുക്കിയ പ്രൊപ്പോസൽ, സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേക്ക് 11.02.2021-ൽ സമർപ്പിച്ചിരുന്നു. കരട് വിജ്ഞാപനത്തെ തുടർന്ന്, ജനപ്രതിനിധികളുടേയും പൊതുജനങ്ങളുടേയും നിവേദനങ്ങൾ പരിഗണിച്ച്, 11.02.2021-ൽ സമർപ്പിച്ചിട്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസൽ അന്തിമ വിജ്ഞാപനം നടത്തുന്നതിലേക്കായി പരിഗണിയ്ക്കണമെന്ന് കേന്ദ്ര സർക്കാരിനോട് 21.05.2022-ൽ ആവശ്യപ്പെട്ടിട്ടുമുണ്ട്. |
| (ബി) | നെയ്യാർ വന്യജീവി സങ്കേതത്തിന്റെ ബഫർ സോൺ നിശ്ചയിക്കുമ്പോൾ ജനവാസമേഖലകളെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; ഇതിനായി | (ബി) | നെയ്യാർ വന്യജീവിസങ്കേതത്തിന്റെ അതിർത്തിക്ക് പുറത്തുവരുന്ന അമ്പൂരി, കള്ളിക്കാട് എന്നീ പഞ്ചായത്തുകളിലെ ജനവാസമേഖലകളെ ഒഴിവാക്കുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് |

| | | | |
|---|---|---|---|
| | നിയമം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | | സംബന്ധിച്ച് നിയമനിർമ്മാണം നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ